**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നം.15** **28.11.2018 ൽ മറുപടിയ്ക്ക്**

## പ്രളയത്തിൽ തകർന്ന വീടുകളുടെ വിവരശേഖരണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അൻവർ സാദത്ത്** | **ശ്രീ. പിണറായി വിജയൻ**<br>**(ബഹു. മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന വീടുകളുടെയും കേടുപാടുകൾ വന്ന വീടുകളുടെയും കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ ;<br><br>ബി) ഇതു സംബന്ധിച്ച വിവരശേഖരണം എപ്രകാരമാണ് നടത്തിയത്; ഏത് ഏജൻസിയാണ് വിവരശേഖരണം നടത്തിയത്; | (എ) & (ബി) പൂർത്തിയായിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ മുഖേനയാണ് പ്രളയത്തിൽ തകർന്ന വീടുകളുടെയും കേടുപാടു വന്ന വീടുകളുടെയും കണക്കെടുപ്പ് ആരംഭിച്ചത്. എങ്കിലും പിന്നീട് ഐ.ടി.മിഷനും ഇൻഫർമേഷൻ കേരള മിഷനും ചേർന്ന് രൂപകൽപ്പന ചെയ്ത Re-Build Kerala Mobile Application മുഖേനയാണ് വിവരശേഖരണം നടത്തിയത്. ഡിജിറ്റൽ വിവരശേഖരണത്തിന് ശേഷമുള്ള തുടർ നടപടികൾ റവന്യൂ വകുപ്പ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. |

സി) പ്രസ്തുത വിവരശേഖരണത്തിൽ എന്തെങ്കിലും പാളിച്ചകൾ പറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

സി) ചുരുക്കം ചില സ്ഥലങ്ങളിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വോളണ്ടിയർമാർ മുഖേനയാണ് പ്രളയത്തിൽ തകർന്ന വീടുകളുടെയും കേടുപാടു വന്ന വീടുകളുടെയും കണക്കെടുപ്പ് ആരംഭിച്ചത്. എന്നാൽ എൻ.എസ്.എസ് വോളണ്ടിയർമാർക്ക് റഗുലർ ക്ലാസ് തുടങ്ങിയതിനാൽ അവർക്ക് സർവ്വേയിൽ തുടരാൻ കഴിയാതെ വന്നു. തുടർന്നാണ് Re-Build Kerala Mobile Application ഉപയോഗിച്ച് പൊതുജന പങ്കാളിത്തത്തോടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചത്. ഇപ്രകാരം പൂർത്തീകരിച്ച സർവ്വേകൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ പല വീടുകളുടെയും നാശനഷ്ടങ്ങളുടെ ശതമാനത്തിൽ കൃത്യത ഇല്ലായെന്ന് കണ്ടെത്തിയിരുന്നു. ടി ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡി) പ്രളയത്തിൽ നഷ്ടം സംഭവിച്ചവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസവും പാളിച്ചകളും, പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനും നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനും

(ഡി) & (ഇ) കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. പ്രളയത്തിൽ നഷ്ടം സംഭവിച്ചവർക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കാലതാമസം ഉണ്ടാക്കിയിട്ടുണ്ടോ;

ഇ) എങ്കിൽ സർവ്വേയിൽ വന്നിട്ടുള്ള പിഴവ് തിരുത്തി അർഹരായവർക്കെല്ലാം അടിയന്തിരമായി സഹായം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

**സെക്ഷൻ ഓഫീസർ**